# കേരള കാർഷിക സർവ്വകലാശാല

നമ്പർ. ജിഎ/എ2/7280/17 തിയ്യതി : 18/05/2017

## പരിപത്രം

വിഷയം: കെ.എ.യു – ഭരണം – അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ അന്തർ സർവ്വകലാശാല സ്ഥലം മാറ്റം – സംബന്ധിച്ച്

സൂചന: സ.ഉ.(കൈ) നമ്പർ 123/2017/ഉ.വി.വ. തിയ്യതി 09/05/2017

.........

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് പ്രൊബേഷൻ മാനദണ്ഡമാക്കാതെ, സർവ്വീസ് സീനിയോറിറ്റിയുടേയും, ഓപ്ഷന്റേയും അടിസ്ഥാനത്തിൽ അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, താഴെ പട്ടികയിൽ ചേർത്തിരിയ്ക്കുന്ന കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേയ്ക്ക് അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിയ്ക്കുന്നതിനായി ഈ സർവ്വകലാശാലയിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗം തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

| നമ്പർ | സർവ്വകലാശാലയുടെ പേര് |
|---|---|
| 1. | കേരള സർവ്വകലാശാല, തിരുവനന്തപുരം |
| 2. | കോഴിക്കോട് സർവ്വകലാശാല, തേഞ്ഞിപ്പാലം, മലപ്പുറം |
| 3. | കണ്ണൂർ സർവ്വകലാശാല, കണ്ണൂർ |
| 4. | മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം |
| 5. | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കളമശ്ശേരി, എറണാകുളം |
| 6. | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, തിരൂർ, മലപ്പുറം |
| 7. | ശ്രീ. ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാല, കാലടി |
| 8. | കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ |
| 9. | കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട് |
| 10 | കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, എറണാകുളം. |

അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ലഭിയ്ക്കേണ്ട സർവ്വകലാശാല കളുടെ പേരുകൾ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തി പൂരിപ്പിച്ച അപേക്ഷ കൾ 31/05/2017 ന് വൈകീട്ട് 5 മണിക്ക് മുമ്പായി കാർഷിക സർവ്വകലാശാല രജിസ്ട്രാർക്ക് ലഭിച്ചിരിയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിയ്ക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഒരിക്കൽ നൽകിയ അപേക്ഷകൾ അന്തിമമായിരിക്കുന്നതാണ്. അപേക്ഷകളിൽ യാതൊരുവിധ മാറ്റവും പിന്നീട് വരുത്തുവാൻ അനുവദി യ്ക്കുന്നതല്ല.

എല്ലാ സ്റ്റേഷൻ മേധാവികളും അവരുടെ കീഴിലുള്ള അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്ക് ഈ പരിപത്രത്തിന്റെ ഉള്ളടക്കം ശ്രദ്ധയിൽപ്പെടുത്തേണ്ടതും ലഭ്യമായ അപേക്ഷകൾ സമയപരിധിയ്ക്കുള്ളിൽ സർവ്വകലാശാല രജിസ്ട്രാർക്ക് 'ഇ മെയിൽ' (registrar@kau.in) മുഖേന തുടർ നടപടികൾക്കായി അയയ്ക്കേണ്ടതുമാണ്.

അപേക്ഷ ഫാറത്തിന്റെ മാതൃക അന്യത്ര ചേർത്തിരിയ്ക്കുന്നു.

(ഒപ്പ്)
**രജിസ്ട്രാർ**

സ്വീകർത്താവ് :

1. കാർഷിക സർവ്വകലാശാലയിലെ എല്ലാ സ്റ്റേഷൻ മേധാവികൾക്കും
2. കാർഷിക സർവ്വകലാശാലാ ആസ്ഥാനത്തെ എല്ലാ സെക്ഷൻ ഓഫീസർമാർക്കും (കീഴിലുള്ള എല്ലാ അസിസ്റ്റന്റുമാരുടേയും ശ്രദ്ധ യിൽ കൊണ്ടുവരുന്നതിന്)
3. പൂൾ ഓഫീസർ (കീഴിലുള്ള എല്ലാ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരു ടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്)

പകർപ്പ്: പി എസ് ടു വൈസ്ചാൻസിലർ/പിഎ ടു വൈസ് ചാൻസിലർ/ പിഎ ടു രജിസ്ട്രാർ/ പിഎ ടു കംപ്ട്രോളർ/ ജോയിന്റ് രജിസ്ട്രാർ (ഭരണം I & II)/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം I & II)/സിസ്റ്റംസ് മാനേജർ (കെ. എ.യു വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/സെക്ഷൻ ഓഫീസർ, ജിഎ–എ, ജെ/ കരുതൽ ശേഖരം/മിച്ചം.

//അംഗീകാരത്തോടെ അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ

ഐഎസ്എസ് *5

## അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ

1. പേരും തസ്തികയും :

2. ഓഫീസ്/വകുപ്പ്/വിഭാഗം :

3. സ്ഥിരം മേൽവിലാസം :

4. പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കപ്പെട്ടതാണോ? :

5. ഫോൺ നമ്പർ, മൊബൈൽ നമ്പർ :
   ലാന്റ് ഫോൺ നമ്പർ :

6. കെ.എ.യു സർവ്വീസിൽ പ്രവേശിച്ച തിയ്യതി :

7. ശമ്പളവും ശമ്പള സ്കെയിലും :

8. ഇപ്പോഴത്തെ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച തിയ്യതി :

9. മാറ്റം ലഭിയ്ക്കേണ്ട സർവ്വകലാശാലകൾ : മുൻഗണനാക്രമത്തിൽ

മേൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ് :

തിയ്യതി : പേര് :

തസ്തിക :

**സ്ഥാപന മേധാവിയുടെ/മേലുദ്യോഗസ്ഥന്റ്റെ മേലൊപ്പ്**

ഐഎസ്എസ് *5